# കേരള സർവകലാശാല

നം. പി.ആർ.254/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2017
## എസ്.സി/എസ്.ടി. മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ് കൊല്ലം മേഖലയിൽ നവംബർ 23–ന്.

2017–18–ലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിൽ നവംബർ 23–ന് ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (340/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 340/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ഇന്റർ കൊളിജിയേറ്റ് അത്‌ലറ്റിക്സ്

78–ാമത് കേരള യൂണിവേഴ്സിറ്റി ഇന്റർ കൊളിജിയേറ്റ് അത്‌ലറ്റിക്സ് നവംബർ 23, 24, 25 തീയതികളിൽ യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ പകലും രാത്രിയും

ആയി ഫ്ളഡ് ലൈറ്റിൽ നടത്തുന്നു. ഏകദേശം 200 ഓളം കോളേജുകളിൽ നിന്നും ആയിരത്തി അഞ്ഞൂറിൽപ്പരം അത്‌ലറ്റുകൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കും. നവംബർ 23-ാം തീയതി വൈകുന്നേരം നാല് മണിക്ക് കേരള യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പ്രൊഫ. പി.കെ.രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. 5 മണി മുതൽ കായിക മത്സരങ്ങൾ ആരംഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബറിൽ നടത്തുന്ന ഏഴാം സെമസ്റ്റർ റഗുലർ ബി.ടെക് (2013 സ്കീം) കോഴ്സ് കോഡിൽ വരുന്ന ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) ഏഴാം സെമസ്റ്റർ പരീക്ഷയുടേയും അഞ്ചാം സെമസ്റ്റർ പരീക്ഷയുടേയും ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.എസ്സി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (റീസ്ട്രക്ച്ചേർഡ് - 2004 സ്കീം) സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.എസ്സി പ്രാക്ടിക്കൽ പരീക്ഷകൾ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി എൻവയോൺമെന്റൽ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 27-നും, പോളിമർ കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 28 നും ആരംഭിക്കും. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 28, 29 തീയതികളിലും, ജിയോളജി & ജിയോഗ്രഫി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 29, 30 തീയതികളിലും നടക്കും. വിശദമായ ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## എം.ഫിൽ സീറ്റൊഴിവ്

കേരള സർവകലാശാലയിലെ ബോട്ടണി, മാനേജ്മെന്റ്, നാനോ സയൻസ് & നാനോ ടെക്നോളജി എന്നീ പഠനവകുപ്പുകളിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽ ഏതാനും ഒഴിവുകൾ ഉണ്ട്. താല്പര്യമുള്ള വിദ്യാർത്ഥികൾ നവംബർ 27 ന് രാവിലെ 10.30 ന് അതാത് ഡിപ്പാർട്ട്മെന്റുകളിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്.

## മാർക്ക് ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠനവകുപ്പിന്റെ കീഴിൽ ലേണേഴ്സ് സപ്പോർട്ട് സെന്ററായി പ്രവർത്തിച്ചിരുന്ന ചെർപ്പുളശ്ശേരി, ഐഡിയൽ ട്രെയിനിംഗ് കോളേജിൽ നടത്തിയ എം.കോം ഡിഗ്രി കോഴ്സിന്റെ അവസാന വർഷ പരീക്ഷ എഴുതിയ 11 വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റുകൾ വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം, പാളയം, തിരുവനന്തപുരത്ത് നിന്നും ഹാൾടിക്കറ്റ് സമർപ്പിച്ച് കൈപ്പറ്റാവുന്നതാണ്.

തിരുവനന്തപുരം.
22.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098